<u>പതിമൂന്നാം കേരള നിയമസഭ</u>

പതിനൊന്നാം <u>സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 342 — 24.06.2014 ലെ മറുപടിയ്ക്ക്

<u>കാരുണ്യ സ്കീമിൽ പങ്കാളിത്തം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി. സി. ജോർജ്ജ് :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

(എ) കാരുണ്യ ബെനവലന്റ് ചികിത്സാ പദ്ധതിയിൽ അപൂർവ്വമായി മാത്രം കണ്ടുവരുന്ന മാരകരോഗങ്ങളെകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലീയേറ്റീവ് കെയർ എന്നീ ചികിത്സകൾക്കാണ് ധനസഹായം നൽകിയിരുന്നത്. ഇതിനു പുറമെ ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവ സംബന്ധിച്ച രോഗങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടാത്ത അപൂർവ്വ രോഗങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഡി.എച്ച്.എസ്./ ഡി.എം.ഇ., വിദഗ്ധ ഡോക്ടർമാർ എന്നിവരടങ്ങുന്ന ഒരു കമ്മറ്റി ഈ വിഷയം പരിശോധിച്ച് നൽകുന്ന റിപ്പോർട്ട് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ സംസ്ഥാനതല കമ്മറ്റിയിൽ സമർപ്പിച്ച് ടി രോഗം പദ്ധതിയിൽ ഉൾപ്പെടുത്തണമോ വേണ്ടയോ എന്ന് തീരുമാനിക്കുകയാണ് ചെയ്തു വരുന്നത്. അപൂർവമായി മാത്രം

കണ്ടുവരുന്ന മാരക രോഗങ്ങൾ സംബന്ധിച്ച് വിശദവിവരങ്ങൾ ലഭിച്ചാൽ അത് വിദഗ്ധ ഡോക്ടർമാരുടെ കമ്മറ്റിയിലും തുടർന്ന് റിപ്പോർട്ട് കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മറ്റിയിലും ചർച്ച ചെയ്ത് അവ കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കു ന്നതാണ്.

| | |
|---|---|
| (ബി) പദ്ധതിയിൽ പങ്കാളികളാകാൻ വിമുഖത കാണിക്കുന്ന സ്വകാര്യ ആശുപത്രികളെ നിർബന്ധപൂർവ്വം കാരുണ്യ ബെനവലന്റ് ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ബി) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ചികിത്സാ പാക്കേജ് അംഗീകരിച്ച് കരാറിൽ ഏർപ്പെടുന്ന സ്വകാര്യ ആശുപത്രികളെയാണ് കാരുണ്യ ചികിത്സാ ഫണ്ട് പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത കരാർ പ്രകാരം വിവിധ നടപടി ക്രമങ്ങൾ അനുസരിച്ച് ക്യാഷ്ലെസ്സ് ട്രീറ്റ്മെന്റ് ആണ് ഇത്തരം ആശുപത്രികൾ നല്കുന്നത്. ഈ പദ്ധതിയിൽ ഭാഗഭാക്കാവാത്ത സംസ്ഥാനത്തെ മറ്റ് സ്വകാര്യ ആശുപത്രികൾ സ്വമേധയാ തയ്യാറായി നിലവിലുള്ള ചികിത്സാ പാക്കേജ് അംഗീകരിച്ചാൽ മാത്രമേ കെ.ബി.എഫ് പദ്ധതി പ്രകാരം അവരെക്കൂടി ഈ പദ്ധതിയിൽ പങ്കാളികളാക്കാൻ സാധിക്കുകയുള്ളു. പങ്കാളികളാകാൻ വിമുഖത കാണിക്കുന്ന സ്വകാര്യ ആശുപത്രികളെ നിർബന്ധപൂർവ്വം കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പ്രായോഗികമല്ല. എന്നാൽ പദ്ധതിയുടെ ധാർമ്മിക മൂല്യം കണക്കിലെടുത്തു പങ്കാളിയാകാൻ പ്രേരിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.